# കാലിന് ഗുരുതരമായി പരിക്കുപറ്റിയ
# ലോറി ഡ്രൈവറുടെ ശാരീരിക അവശത 37% ആണെങ്കിലും സമ്പാദ്യ ശേഷിയുടെ നഷ്ടം 100%

## സുപ്രീം കോടതി

C.A. No. 9306/2019 Dt. 10.12.2019

ചാണപ്പ നാഗപ്പ മുചലഗോഡ
X
ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ്

ശേഖർ ശാന്താറാം എന്നയാളുടെ ഉടമസ്ഥതയിലുള്ള ലോറിയുടെ ഡ്രൈവറായി ജോലി ചെയ്തു കയായിരുന്നു തൊഴിലാളി. ഒരു ദിവസം ഇസ്ലാംപുര എന്ന സ്ഥലത്തു നിന്ന് രത്നഗിരിയിലേക്ക് ലോറി ഓടിച്ചു പോകുമ്പോൾ ഡ്രൈവർക്ക് ലോറിയുടെ നിയന്ത്രണം നഷ്ടപ്പെടുകയും റോഡ രികിലുള്ള വലിയ പാറയിൽ ചെന്നിടിച്ച ലോറി മൂന്ന് തവണ മലക്കം മറിയുകയും ചെയ്തു. അപകടത്തിൽ ലോറി ഡ്രൈവർക്ക് ദേഹമാസകലം ഗുരുതരമായി പരിക്കേറ്റു. ഉടനടി ആശുപ ത്രിയിലെത്തിച്ച് ചികിത്സിച്ചെങ്കിലും അയാളുടെ വലത് കാലിനേറ്റ ക്ഷതം ഭേദമാക്കാൻ സാധി ച്ചില്ല. ആ കാലിന് സ്വാധീനം കുറയുകയും നടക്കുന്നതിന് പരസഹായമോ വടിയോ ആവശ്യ മായി വരുകയും ചെയ്തു. ലോറി ഓടിക്കാൻ അയാൾക്ക് തീരെ സാധിക്കാതെ വരുകയും ചെയ്തു. തുടർന്ന് അയാൾ നഷ്ടപരിഹാരമാവശ്യപ്പെട്ട് എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീ ഷണർ മുമ്പാകെ അപേക്ഷ സമർപ്പിച്ചു. അഞ്ച് ലക്ഷം രൂപയാണ് അയാൾ നഷ്ടപരിഹാരമായി ആവശ്യപ്പെട്ടത്. തൊഴിലാളിയുടെ ശാരീരിക അവശത 37% ആണെന്ന് കാൽമുട്ട് ചികിത്സാവിദ ഗ്ദ്ധൻ സാക്ഷ്യപ്പെടുത്തി. അയാളുടെ സമ്പാദ്യ ശേഷിയുടെ നഷ്ടം 50% ആണെന്നും പ്രതി മാസ വരുമാനം 3000 രൂപയെന്നും വിലയിരുത്തിയ കമ്മീഷണർ ഇൻഷുറൻസ് കമ്പനി 1,81,494 രൂപ നഷ്ടപരിഹാരമായി തൊഴിലാളിക്ക് നല്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ തൊഴിലാളി ഹൈക്കോടതിയിൽ അപ്പീൽ സമർപ്പിച്ചു. തന്റെ പ്രതിമാസ വരുമാനം 4000 രൂപയാണെന്ന് തൊഴി ലുടമ സാക്ഷ്യപ്പെടുത്തിയിട്ടും അത് 3000 രൂപയായി പരിമിതപ്പെടുത്തിയതും സമ്പാദ്യശേഷിയുടെ നഷ്ടം 50% മാത്രമാണെന്ന് കണക്കാക്കിയതും അന്യായമാണെന്ന് തൊഴിലാളി വാദിച്ചു. പരസ ഹായമില്ലാതെ നടക്കാൻ പോലും സാധിക്കാത്ത തനിക്ക് ലോറിയോ മറ്റു വാഹനമോ ഓടിക്കാ നാവില്ലെന്നു മാത്രമല്ല ഡ്രൈവിങ് ലൈസൻസ് ലഭിക്കുക പോലുമില്ലെന്നും തൊഴിലാളി ഹൈക്കോടതിയിൽ ബോധിപ്പിച്ചു. തൊഴിലാളിക്ക് ഡ്രൈവിങ്ങോ മറ്റ് ജോലികളോ ചെയ്യാനും സമ്പാദിക്കാനും പ്രയാസമാണെന്നു കണ്ട ഹൈക്കോടതി തൊഴിലാളിയുടെ സമ്പാദ്യശേഷി യുടെ നഷ്ടം 60% ആണെന്നും പ്രതിമാസ വേതനം 4000 രൂപയാണെന്നും കണക്കാക്കുകയും 2,90,390 രൂപ 12% പലിശ സഹിതം ഇൻഷുറൻസ് കമ്പനി നഷ്ടപരിഹാരമായി നല്കണമെന്ന് ഉത്തരവിട്ടു. ഇതിനെതിരെ തൊഴിലാളി സുപ്രീം കോടതിയിൽ അപ്പീൽ സമർപ്പിച്ചു. ദേഹമാസ കലം പരിക്കു പറ്റുകയും കാലിന്റെ സ്വാധീനം കുറയുകയും ചെയ്ത തൊഴിലാളിക്ക് ഡ്രൈവിങ്ങോ മറ്റു ജോലികളോ ചെയ്യാൻ സാധിക്കില്ലെന്ന് വിലയിരുത്തിയ സുപ്രീം കോടതി അയാളുടെ സമ്പാദ്യശേഷിയുടെ നഷ്ടം 100% ആണെന്ന് കണക്കാക്കി. കൂടാതെ 65 ദിവസം ആശുപത്രിയിൽ കിടന്ന് ചികിത്സ നേടിയതിന്റെ ചെലവിലേക്ക് ഒരു ലക്ഷം രൂപ ലഭിക്കാൻ തൊഴിലാളിക്ക് അവകാശമുണ്ടെന്നും സുപ്രീം കോടതി വിലയിരുത്തി. ഹൈക്കോടതിയുടെയും എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണറുടെയും വിധികൾ റദ്ദാക്കിയ സുപ്രീം കോടതി മൊത്തം 5,83,984 രൂപ 6% പലിശ സഹിതം ഇൻഷുറൻസ് കമ്പനി തൊഴിലാളിക്ക് നല്കണ മെന്ന് വിധിച്ചു.